(ഡി) ഇവ വളരെ പെട്ടെന്ന് കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാക്കുവാൻ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തെരുവു വിളക്കുകൾ സംസ്ഥാന വൈദ്യുച്ഛക്തി ബോർഡും നഗരസഭകളും ചേർന്നാണ് പ്രവർത്തിപ്പിക്കുന്നത്.

(ബി) ലൈറ്റുകളും അറ്റകുറ്റപണികൾ നടത്തുന്നതിനാവശ്യമായ സാധന സാമഗ്രികളും ലഭ്യമാക്കേണ്ടത് നഗരസഭകളാണ്. തെരുവു വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുന്നതിന് നഗരസഭകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പ്രകാരം ബോർഡിന്റെ സെക്ഷനാഫീസുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നഗരസഭകൾ ബോർഡിലേക്ക് തുക അടയ്ക്കുന്ന മുറയ്ക്ക്, തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുവാൻ വേണ്ട നടപടികൾ ബോർഡ് സ്വീകരിക്കുകയും ചെയ്യുന്നു.

(സി, ഡി ആന്റ് ഇ) ബോർഡിന് പരാതികളൊന്നും ലഭിച്ചിട്ടില്ല. ഇതിന്റെ ഉത്തരവാദിത്വം അതാത് നഗരസഭകൾക്കാണ്.

സ്ട്രീറ്റ് ലൈറ്റ് മാറ്റുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും നടപടി

12 [1100] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളിലെ പ്രവർത്തനക്ഷമമല്ലാത്ത സ്ട്രീറ്റ് ലൈറ്റ് മാറ്റുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കൃത്യമായി പണം അടച്ചിട്ടും ലൈറ്റ് കത്താത്ത സാഹചര്യത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ് ഈടാക്കുന്നതിനായി മീറ്റർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ലൈറ്റുകൾ അറ്റകുറ്റപണികൾ നടത്തുന്നതിനാവശ്യമായ മറ്റ് സാധന സാമഗ്രികൾ എന്നിവ അതാത് ഗ്രാമപഞ്ചായത്തുകൾ നൽകുന്ന മുറയ്ക്ക് പണികൾ വിദ്യുച്ഛക്തി ബോർഡ് ജീവനക്കാർ നടത്തുന്ന സംവിധാനമാണ് നിലവിലുള്ളത്.

(ബി) ഗ്രാമ പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly